പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 202 18.03.2013-ൽ മറുപടിയ്ക്ക്

## ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ. ബഷീർ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നാഷണൽ ഗെയിംസിനുവേണ്ടി എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ/നവീകരണ പ്രവൃത്തികളാണ് നടന്നുവരുന്നത്. ഇതിന്റെ ഭാഗമായി<br>1. സ്റ്റേഡിയത്തിലെ അരീനാ ലൈറ്റിംഗ് സംവിധാനം അന്താരാഷ്ട്ര നിലവാരമുള്ളതാക്കി.<br>2. സ്റ്റേഡിയം മുഴുവനായി എയർകണ്ടീഷനിംഗ് ചെയ്യുന്നതിനായുള്ള പണികൾ നടന്നുവരുന്നു.<br>3. ഫയർ ഫൈറ്റിംഗ് സംവിധാനം പൂർത്തിയായി വരുന്നു.<br>4. സ്റ്റേഡിയത്തിനുള്ളിൽ അക്കോസ്റ്റിക്സ് സംവിധാനം പൂർത്തിയാക്കി.<br>5. സ്റ്റേഡിയത്തിനോടനുബന്ധമായി പുതിയ ഒരു വാംഅപ് ബിൽഡിംഗ് (മൂന്ന് നിലകളിലുള്ള) പ്രവർത്തന സജ്ജമായി വരുന്നു.<br>6. നിലവിലുള്ള സ്റ്റേഡിയത്തിലെ മേൽക്കൂരയുടെ ചോർച്ച മാറ്റി പുതിയ ഷീറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>7. സ്റ്റേഡിയത്തിലെ വൈദ്യുതി ലഭ്യതയ്ക്കായി ഒരു 11 കെ.വി സബ്സ്റ്റേഷൻ പണി പൂർത്തിയായി വരുന്നു. |
| (ബി) | ഇതിനായി എന്തു തുക ഇതേവരെ ചെലവഴിച്ചു ; എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട് ; | (ബി) ഇതുവരെ 6,58,58,828/- രൂപ (ആറു കോടി അൻപത്തിയെട്ടു ലക്ഷത്തി അൻപത്തി യെട്ടായിരത്തി എണ്ണൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ഏകദേശം 95% പണികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | ഇതോടനുബന്ധിച്ച് സിമ്മിംഗ്പൂൾ നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ അതിന് എന്തു തുക ചെലവഴിച്ചു ; | (സി) ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | എ.സി.സംവിധാനമൊരുക്കാൻ എന്തു തുക ഇതേവരെ ചെലവഴിച്ചു ; റേറ്റ് കോൺട്രാക്ട് പ്രകാരമാണോ എ.സി പ്ലാന്റുകൾ വാങ്ങിയത് ; അല്ലെങ്കിൽ ഏതു വിധത്തിലാണെന്നതിന്റെ വിശദവിവരം നൽകാമോ ? | (ഡി) | എ.സി.സംവിധാനമൊരുക്കാൻ ഇതേ വരെ 1,21,04,342/- രൂപ (ഒരു കോടി ഇരുപത്തി ഒന്ന് ലക്ഷത്തി നാലായിരത്തി മൂന്നൂറ്റി നാല്പത്തി രണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായി വരുന്നു.<br><br>സ്റ്റേഡിയത്തിന്റെ മുഴുവൻ പുനരുദ്ധാരണ നവീകരണ കരാർ കൊച്ചി ആസ്ഥാനമായ ഹാരിസൺ മലയാളം എന്ന കമ്പനിക്കാണ് നൽകിയിരിക്കുന്നത്. എ.സി സംവിധാനം ഒരുക്കൽ കമ്പനിയുമായുള്ള കരാറിന്റെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ